**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **05-12-2022 - ൽ മറുപടിയ്ക്ക്**

**പ്രസവത്തെ തുടർന്ന് മരണപ്പെട്ടതിലുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വട്ടോളിയിലെ ശ്രീമതി ദിബിഷ പ്രസവത്തെ തുടർന്ന് മരണപ്പെട്ടതിലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഇക്കാര്യം സംബന്ധിച്ച് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം.നം.591/21 U/s 174 CrPC ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം, ഇക്കാര്യത്തിൽ ഡോക്ടർമാരുടെ ഭാഗത്ത് അനാസ്ഥ ഉണ്ടായിട്ടില്ലെന്ന് വ്യക്തമായതിനാൽ 26.07.2022-ൽ അവസാനിപ്പിച്ച് കേസ് Further Action Dropped (FAD) ആയി പരിഗണിക്കുന്നതിനായി 29.07.2022-ൽ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് IV കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് RC 229/22 ആയി ബഹു. കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മെഡിക്കൽ ഐ.സി.യു. വിൽ പ്രവേശിപ്പിക്കാതെ ദിബിഷയുടെ സർജറി നടത്തി എന്നും ഗർഭപാത്രം നീക്കം ചെയ്യുന്നതിന് മുമ്പ് ബന്ധുക്കളിൽ നിന്നും അനുമതി വാങ്ങിയിരുന്നില്ല എന്നും ജില്ലാതല വിദഗ്ദസംഘം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | റിപ്പോർട്ടിൽ മെഡിക്കൽ ഐ.സി.യു. വിൽ പ്രവേശിപ്പിക്കാതെ ദിബിഷയുടെ സർജറി നടത്തി എന്ന് സൂചിപ്പിച്ചിട്ടില്ല. എന്നാൽ ദിബിഷയുടെ ഗർഭപാത്രം നീക്കം ചെയ്യുന്നതിന് മുമ്പ് ബന്ധുക്കളിൽ നിന്നും സമ്മത പത്രം വാങ്ങിയിരുന്നില്ല എന്നുള്ള കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ